**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **26-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സാഹസിക വിനോദസഞ്ചാര കേന്ദ്രമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈവിധ്യ പൂർണ്ണമായ ഭൂപ്രകൃതി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ആഗോള സാഹസിക വിനോദസഞ്ചാര കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ വൈവിധ്യപൂർണ്ണമായ ഭൂപ്രകൃതി സാഹസിക വിനോദത്തിന് വളരെ അനുയോജ്യമാണ്. കടൽത്തീരം, കായലോരങ്ങൾ, പുഴകൾ കുന്നുകളും മലകളും ഇങ്ങനെ വ്യത്യസ്ഥമായ സാഹസിക വിനോദസഞ്ചാര സാധ്യതകൾ ഉള്ള പ്രദേശമാണ് കേരളം. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് വ്യത്യസ്ഥ സാഹസിക പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. പ്രധാപ്പെട്ടത് ബീച്ച് സാഹസിക ടൂറിസമാണ്.<br><br>ഇന്ത്യയിൽ ആദ്യമായി അഡ്വഞ്ചർ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം രൂപീകരിച്ചത് കേരളത്തിലാണ്. ഈ സൊസൈറ്റിയുടെ നേതൃത്തിൽ രാജ്യത്ത് ആദ്യമായി സഹസിക ടൂറിസത്തിന് മാർഗരേഖയും കൊണ്ടുവന്നു. 60യൂണിറ്റുകൾ സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതോടൊപ്പം സാഹസിക വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനങ്ങൾ പരിശോധിയ്ക്കുന്നതിന് ഒരു വിദഗ്ധ സമിതിയേയും നിയോഗിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ വർക്കല ബീച്ച്, സർഫിങ് ആക്ടിവിറ്റികൾക്ക് അനുയോജ്യമായ ഏറ്റവും നല്ല ബീച്ചായി ISA (ഇന്റർനാഷണൽ സർഫിങ് അസോസിയേഷൻ) കണ്ടെത്തിയിട്ടുണ്ട്. സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (SFI) കീഴിൽ 20 ഓളം സർഫിങ് സ്കൂളുകൾ വർക്കലയിൽ സർഫിങ് പരിശീലനം നടത്തിവരുന്നു. കേരളത്തെ സർഫിംഗ് ആക്ടിവിറ്റിയെ പ്രോത്സാഹിപ്പിക്കുന്നതിനും, വർക്കലയെ ഒരു അന്തർദേശീയ സർഫിംഗ് ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനുമായി 2024 മാർച്ച് 28 മുതൽ 30 വരെ വർക്കലയിൽ |

അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചു. വിദേശികളും, മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 65-ൽ പരം സർഫിങ് മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുകയും നിരവധി വിദേശ ടൂറിസ്റ്റുകൾ മത്സരം വീക്ഷിക്കാൻ എത്തുകയും ചെയ്തു.

ഇടുക്കി ജില്ലയിലെ വാഗമൺ, കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ ഹബ്ബ് ആണ്. വാഗമണ്ണിൽ പാരാഗ്ലൈഡിങ് ചെയ്യുന്നതിന് വിദേശ ടൂറിസ്റ്റുകൾ അടക്കം നിരവധി സഞ്ചാരികൾ വർഷംതോറും എത്തിച്ചേരുന്നുണ്ട്. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും, പാരാഗ്ലൈഡിങ് അസോസിയേഷനുമായി (PAI) ചേർന്ന് അന്തർ ദേശീയ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ 2024 മാർച്ച് 14 മുതൽ 18 വരെ വാഗമണ്ണിൽ സംഘടിപ്പിച്ചു. പ്രസ്തുത ഫെസ്റ്റിവലിൽ ലോകത്തിൽ ആദ്യമായി ടോപ്പ് ലാൻഡിംഗ് പാരഗ്ലൈഡിങ്ങ് എന്ന ഇനം സംഘടിപ്പിക്കുകയും 8 വിദേശ രാജ്യങ്ങളിൽ നിന്നടക്കം 83 പേർ പങ്കെടുക്കുകയും ചെയ്തു.

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പായ, മലബാർ റിവർ ഫെസ്റ്റിവൽ എല്ലാ വർഷവും കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ നടന്നുവരുന്നു. മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താം എഡിഷൻ 2024 ജൂലൈ മാസം 25 മുതൽ 28 വരെ സംഘടിപ്പിക്കുന്നു. ഇതിനോടകം 10 വിദേശരാജ്യങ്ങളിൽ നിന്നായി 12 വിദേശ കയാക്കർമാർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 150 ൽ പരം വൈറ്റ് വാട്ടർ കയാക്കർമാരെ 2024 മലബാർ റിവർ ഫെസ്റ്റിവലിൽ പ്രതീക്ഷിക്കുന്നു. വൈറ്റ് വാട്ടർ കയാക്കിങ്, റാഫ്റ്റിംഗ് എന്നിവയുടെ പരിശീലനം ജൂലൈ മാസം മുതൽ ടൂറിസം വകുപ്പ് നിർമ്മിച്ച അന്തർദേശീയ കയാക്കിങ് സെന്ററിൽ ആരംഭിക്കും. ഒളിമ്പിക്സ് ഇനമായ വൈറ്റ് വാട്ടർ കയാക്കിങ്ങിന് കേരളത്തിൽ നിന്ന് കൂടുതൽ താരങ്ങളെ വാർത്തെടുക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.

MTB Kerala (ഇന്റർനാഷണൽ മൗണ്ടെൻ സൈക്ലിംഗ് കോമ്പറ്റീഷൻ) വയനാട് ജില്ലയിലെ പ്രിയദർശിനി പ്ലാന്റേഷനിൽ വച്ച് വർഷം തോറും നടത്തിവരുന്നു. ഈ ട്രാക്ക് ലോക സൈക്ലിംഗ് അസോസിയേഷൻ (UCI) അംഗീകരിച്ച ഇന്ത്യയിലെ ഏക സൈക്ലിംഗ് ട്രാക്ക് ആണ്. മുപ്പതിൽപരം വിദേശരാജ്യങ്ങളിൽ നിന്നുള്ള സൈക്ലിസ്റ്റുകളെ ഉൾപ്പെടുത്തി MTB Kerala - 2024 എഡിഷൻ ഒക്ടോബർ മാസം 18, 19, 20 തീയതികളിൽ

| | | | |
|---|---|---|---|
| | | | നടത്തുവാൻ ആലോചിക്കുന്നു. കൂടാതെ പ്രിയദർശിനി എസ്റ്റേറ്റിലെ സൈക്ലിംഗ് ട്രാക്ക് ഒരു സ്ഥിരം MTB ട്രാക്ക് ആയി മാറ്റുവാനും അവിടെ ഒരു പരിശീലന കേന്ദ്രം ആക്കി മാറ്റുന്നതിനും ആലോചിക്കുന്നു. സംസ്ഥാനത്തെ ബീച്ചുകൾ കേന്ദ്രീകരിച്ച് ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കി വരുന്നു. ട്രക്കിംഗ്, ഹൈക്കിംഗ് എന്നിവ പ്രോത്സാഹിപ്പിയ്ക്കുന്നതോടൊപ്പം ഇതിനുള്ള മാപ്പിംഗ് കൂടി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കുന്നുണ്ട്. കൂടുതൽ സാഹസിക കേന്ദ്രങ്ങളും ടൂറിസം വകുപ്പ് വികസിപ്പിച്ചു വരുന്നു. |
| (ബി) | നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കായിക വിനോദങ്ങളും ഇത്തരത്തിൽ വികസിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളും ഏതെല്ലാമാണെന്നതു വിശകലനം ചെയ്തിട്ടുണ്ടോ? | (ബി) | നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് മാത്രമേ സാഹസിക ടൂറിസം ആക്ടിവിറ്റികൾ വികസിപ്പിക്കാൻ കഴിയൂ. മൺസൂൺ സമയത്ത് ആണ് വൈറ്റ് വാട്ടർ കയാക്കിങ്ങും റാഫ്റ്റിങ്ങും നടത്തുവാൻ അനുയോജ്യം. വൈറ്റ് വാട്ടർ റാഫ്റ്റിംഗ് പരിശീലനത്തിനായി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിൽ പുളിക്കയത്ത് അന്തർ ദേശീയ കയാക്കിങ് സെന്റർ ആരംഭിച്ചു. അതിന്റെ പ്രവർത്തനം ഈ മൺസൂൺ കാലത്ത്, പുഴയിൽ അനുയോജ്യമായ വെള്ളത്തിന്റെ ഒഴുക്ക് ലഭിക്കുന്നതിനനുസരിച്ച് ആരംഭിക്കും.<br><br>എന്നാൽ സർഫിങ് ആക്ടിവിറ്റി കടൽത്തീരത്ത് പൊതുവേ ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ആണ് അനുയോജ്യം. കോഴിക്കോട് ജില്ലയിലെ ഗോദീശ്വരം ബീച്ചിൽ റെസ്പോൺസിബിൾ ടൂറിസത്തിന്റെ യൂണിറ്റ്, സർഫിങ് സ്കൂളായി പരിശീലനം നൽകിവരുന്നു.<br><br>ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും ആനുകൂല്യം കൊണ്ട് മാത്രമേ പാരാഗ്ലൈഡിങ് ആക്ടിവിറ്റികൾ ചെയ്യാൻ കഴിയൂ, അതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് വാഗമൺ. അതുപോലെതന്നെ ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ ഗ്യാപ്പ് റോഡിനോട് ചേർന്ന പ്രദേശം പാരഗ്ലൈഡിങ്ങിന് അനുയോജ്യമായ സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ നിലയിൽ സാഹസിക വിനോദ സഞ്ചാരത്തിന് വ്യത്യസ്ത കേന്ദ്രങ്ങളെ അടയാളപ്പെടുത്തിയാണ് വിനോദസഞ്ചാര വകുപ്പ് മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ